പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2366 — 05.02.2018 ൽ മറുപടിക്ക്

**മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് റോയൽറ്റിയും പിഴയും ഒടുക്കുന്നതിനായി നല്കിയ നോട്ടീസ്**

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ | | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ മൈനിംഗ് & ജിയോളജി വകുപ്പ് പഴയകാലത്ത് എടുത്തിട്ടുള്ള കരിങ്കല്ലിന്റെ അളവുകൂടി കണക്കിലെടുത്ത് സ്ഥലം ഉടമസ്ഥരായ സാധാരണക്കാരുടെ പേരിൽ ഭാരിച്ച റോയൽറ്റിയും പിഴയും ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അനധികൃതമായി ഖനനം നടത്തിയിട്ടുള്ള സ്ഥലങ്ങളിൽ ചട്ടപ്രകാരം സർക്കാരിനു ലഭിക്കേണ്ട തുക ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ബി) | സ്ഥലം ഉടമകളായ സാധാരണക്കാർക്ക് ഇങ്ങനെ ചുമത്തിയിട്ടുള്ള തുക അടയ്ക്കാനുള്ള സാമ്പത്തിക ശേഷി ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | വർഷങ്ങളായി വകുപ്പിന്റെ പരിഗണനയിലുള്ള പ്രസ്തുത വിഷയങ്ങളിൽ മാനുഷികമായ തീർപ്പ് കൽപ്പിച്ചുകൊടുക്കുന്നതിനുള്ള നടപടി പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഡിമാന്റ് നോട്ടീസ് ലഭിച്ചവർക്ക് പരാതിയുണ്ടെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. 08.07.2013 ലെ സുപ്രീംകോടതി വിധിപ്രകാരം മലബാർ മേഖലയിലെ ധാതുക്കളിന്മേലുള്ള അവകാശം ഭൂവുടമകൾക്കാണ്. ധാതുക്കൾ ഖനനം ചെയ്യുന്നതിന് സർക്കാരിന് റോയൽറ്റി നൽകണമോയെന്ന വിഷയം സുപ്രീംകോടതിയുടെ ഫുൾ ബഞ്ചിന്റെ പരിഗണനയിലാണ്. പ്രസ്തുത കേസിൽ അന്തിമ വിധി പുറപ്പെടുവിച്ചാൽ മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

Manjith

**സെക്ഷൻ ഓഫീസർ**